പറയുന്നു. എന്തുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റിക്ക് അതിനെക്കുറിച്ച് അന്വേഷിച്ചു കൂടാ, തീരുമാനമെടുക്കട്ടെ. അതുകൊണ്ട് ഇങ്ങനെയുള്ള ഗൗരവമുള്ള വിഷയങ്ങൾ ചർച്ചചെയ്യാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ഈ സഭ കൂടുന്നതിൽ ഒരർത്ഥവുമില്ല. ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിൽ നിഷേധാത്മകമായ സമീപനം ശ്രീ. ശർമ്മയെപോലുള്ള ഒരാൾ സ്വീകരിച്ചതിലും ഈ ഗവണ്മെന്റ് സ്വീകരിച്ചതിലുമുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഇന്നത്തെ ബഹിഷ്കരണത്തിൽ ഞങ്ങളും പങ്കെടുക്കുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും ശേഷിച്ച സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷവും മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞ കടലാസ് ഉണ്ടല്ലോ-Power purchase agreement between Kerala State Electricity Board and National Thermal Power Corporation Ltd. - 1995 ജനുവരി 6-ാം തീയതി ഉണ്ടാക്കിയ ആ എഗ്രിമെന്റിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

V. ശ്രദ്ധക്ഷണിക്കൽ

(പ്രതിപക്ഷം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ശ്രീ. കെ.പി.എ. മജീദ് നോട്ടീസ് നൽകിയിരുന്ന "ശ്രദ്ധക്ഷണിക്കൽ" ഉന്നയിക്കപ്പെട്ടില്ല).

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം

ശ്രീ. എ. കണാരൻ : സർ, ഒരു മാസമായി തുടരുന്ന അതിവർഷം വല്ലാത്ത കെടുതിയാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ളത്. കാലവർഷക്കെടുതിയിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ളത് തെക്കൻ കേരളത്തിലാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം മുതലായ ജില്ലകളിലാണ് കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ളത്. ഇപ്പോൾ വടക്കൻ കേരളത്തിലും മഴ ശക്തമായി വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി താഴ്ന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ വീടുകളെല്ലാം തകർന്നുകൊണ്ടിരിക്കുന്നു. രക്ഷാസ്ഥാനം തേടി ആയിരക്കണക്കിന് ആളുകൾ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്നു. വീട് പൂർണ്ണമായും ഭാഗികമായും നശിച്ചവർക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന സഹായം വളരെ അപര്യാപ്തമാണ്. പണ്ടുമുതലേ കൊടുത്തുകൊണ്ടിരിക്കുന്ന ഈ സഹായഫണ്ട് കൊണ്ട് അവർക്ക് വീടിന്റെ പുനർനിർമ്മാണം നടത്താനോ അറ്റകുറ്റപ്പണി നടത്താനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഗവണ്മെന്റ് അതിനെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി മതിയായ സഹായം നൽകാനുള്ള നടപടി സ്വീകരിക്കണം. ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്തെ നെല്ല്, വാഴ, പച്ചക്കറികൾ, മരച്ചീനി മുതലായ വിളകൾ നശിച്ചുകഴിഞ്ഞു. വിളനാശംകൊണ്ട് കർഷകർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം നികത്തിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. മതിയായ സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ കർഷകർക്ക് കൃഷിയുമായി മുന്നോട്ടുപോകാൻ കഴിയൂ. നഷ്ടം വന്നവർക്ക് അർഹമായ തുക നൽകുന്നതിൽ വീഴ്ച കാണിക്കരുത്. നഷ്ടം വരാതെതന്നെ നഷ്ടം വന്നതായി കണക്കാക്കുന്ന സമ്പ്രദായം ഇവിടെയുണ്ട്. യഥാർത്ഥ നഷ്ടം കണക്കാക്കി ആവശ്യമായ തുക നൽകാത്തതിന്റെ ഫലമായി 5 വാഴ നശിച്ചുകഴിഞ്ഞാൽ 25 ആയി കണക്കാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ടുമാത്രം ജീവിക്കുന്നവരുണ്ട്. വീടുകൾ റിപ്പയർ ചെയ്യുന്നതിനും വിവാഹം, നിത്യനിദാന ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് വളരെ പ്രതീക്ഷയോടുകൂടിയിരുന്നതാണ്. അവരുടെ വിളകളാണ് നശിച്ചുപോയിട്ടുള്ളത്. പ്രതീക്ഷകൾ തകർക്കാത്ത വിധത്തിൽ അവർക്ക് നഷ്ടപരിഹാരം നൽകാനുള്ള സംവിധാനമുണ്ടാക്കണം. നമ്മുടെ കർഷകത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മൺപാത്രത്തൊഴിലാളികൾ, മരംകയറ്റത്തൊഴിലാളികൾ ഇവരെല്ലാം ഇപ്പോൾ കഷ്ടത്തിലാണ്. അവർ അർദ്ധപട്ടിണിയിലും മുഴുപ്പട്ടിണിയിലുമാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിന്റെ ഫലമായി അവർ നിത്യപട്ടിണിയിലാണ്.

അതുപോലെത്തന്നെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ കുടിലുകളിലാണ് കഴിഞ്ഞുകൂടുന്നത്. പുഴകളിലും മലഞ്ചരിവുകളിലും വെള്ളം കയറിക്കിടക്കുന്നതിന്റെ ഫലമായും മലവെള്ളം കുത്തി ഒഴുകുന്നതുകൊണ്ടും അവർ താമസിച്ചുകൊണ്ടിരിക്കുന്ന കുടിലുകളിൽ നിന്നും പുറത്ത് പോകാൻ പോലും കഴിയാത്ത അവസ്ഥയാണുള്ളത്. ആ പട്ടിണിയിൽ കഴിയുന്നവരെ ആരും നോക്കുന്നില്ല. അവരെ സഹായിക്കാനുള്ള സംവിധാനമുണ്ടാക്കണം. പകർച്ചവ്യാധിയും പട്ടിണി മരണവും സംഭവിക്കും. അതിൽ നിന്ന് രക്ഷിക്കാനുള്ള സംവിധാനവുമുണ്ടാക്കിക്കൊടുക്കണം. അതുപോലെതന്നെയാണ് കയർ-കൈത്തറിത്തൊഴിലാളികളുടേയും സ്ഥിതി. അവർ ജോലിയില്ലാതെ വിഷമിക്കുകയാണ്. കൈത്തറി ജോലി മഴക്കാലത്ത് ചെയ്യാൻ കഴിയുകയില്ല. അതുപോലെ പുഴയോരപ്രദേശത്തുള്ള കയറിന്റെ ജോലിയും മഴക്കാലത്ത് ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് കർഷകത്തൊഴിലാളികൾക്കും മൺപാത്ര തൊഴിലാളികൾക്കും സൗജന്യമായി റേഷൻ കൊടുക്കാനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. വികസന പ്രവർത്തനത്തിന്റെ പേരിൽ തോടുകളും മറ്റ് നീർവാർച്ചവഴികളും നികത്തിയതിന്റെ ഫലമായി പല ഗ്രാമങ്ങളിലും വെള്ളം കയറാൻ കാരണമായിട്ടുണ്ട്. കെട്ടിടങ്ങൾ പണിയാൻ താഴ്ന്ന സ്ഥലങ്ങൾ മണ്ണിട്ട് നികത്തുന്നത് സാധാരണയായിട്ടുണ്ട്. നഗരപരിസരങ്ങളിൽ ഇത്തരം പ്രവർത്തികൾ ധാരാളം നടക്കുന്നതുകാരണം ചേരികളിലെ പാവങ്ങളുടെ കുടിലുകളിൽ വെള്ളം കയറാനും പ്രധാന കാരണമാകുന്നു. നഗരങ്ങളിൽ അഴുക്കുചാൽ അടഞ്ഞുകിടക്കുന്നതിന്റെ ഫലമായി പ്രധാന വീഥികൾപോലും പുഴകളായി മാറാൻ കാരണമായിത്തീരുന്നു. ആ വെള്ളം വേഗം ഒഴുകിപ്പോകണമെങ്കിൽ അത് വന്നുചേരുന്ന താഴ്ന്ന നഗരപ്രാന്തപ്രദേശങ്ങളിലും പരിസരങ്ങളിലും അതിനുള്ള സംവിധാനമേർപ്പെടുത്തണം.

അതുപോലെത്തന്നെ നെൽപ്പാടങ്ങളും കുളങ്ങളും തോടുകളുമെല്ലാം നികത്തിക്കൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങളും തോടുകളും കുളങ്ങളും നികത്തി വലിയ കെട്ടിടങ്ങളുണ്ടാക്കുന്ന അവസ്ഥ നിയമംമൂലം തടയാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ വന്നുകഴിഞ്ഞാൽ മഴപെയ്യുമ്പോൾ വെള്ളം കയറാവുന്ന ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയും. ഗവണ്മെന്റിന്റെ കണക്കനുസരിച്ച് 1182 കുടുംബങ്ങളെ കെടുതി ബാധിച്ചിട്ടുണ്ട്. മരണപ്പെട്ടവർ 31 പേരാണ്. 14 കുട്ടികളടക്കം 48 പേർക്ക് പരിക്കേറ്റു. 2137 കുടുംബങ്ങൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. 707 വീടുകൾ പൂർണ്ണമായി തകർന്നു. 11,959 വീടുകൾക്ക് ഭാഗീകമായി നാശം സംഭവിച്ചു. ഈ ഇനങ്ങളിൽ ഗവണ്മെന്റ് കണക്കുപ്രകാരം 380 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു. 606 ലക്ഷം രൂപയുടെ കൃഷിനാശമുണ്ടായിയെന്നാണ് ഗവണ്മെന്റ് പറഞ്ഞിരിക്കുന്നത്. തകർന്ന വീടുകൾ പുനർനിർമ്മിക്കാൻവേണ്ടി ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് 11,500 രൂപ മാത്രമാണ്. അതിന്റെ ഫല മായി ഹഡ്കോയുടെ സഹായത്തോടുകൂടി 29,000 രൂപയുടെ വീടാണ് നിർമ്മി ച്ചുകൊടുക്കാൻ ഗവണ്മെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഒരു തൊഴുത്ത് ഉണ്ടാക്കാൻ 50,000 രൂപ വേണം. പാവപ്പെട്ടവർ എങ്ങനെയെങ്കിലും ഒരു വീടു ണ്ടാക്കി താമസിക്കുന്നത് തകർന്നു കഴിഞ്ഞാൽ 29,000 രൂപ ഒരു വീടുണ്ടാ ക്കാൻ കൊടുക്കുകയെന്ന് പറയുന്നത് തീരെ അപര്യാപ്തമാണ്. ഈ വീടു തന്നെ വീണ്ടും തകർന്നുപോകാതിരിക്കാൻ വേണ്ടി, ഒരു മഴ വന്നാൽ വീണ്ടും തകർന്നുപോകുന്ന അവസ്ഥ ഇല്ലാതാക്കാൻവേണ്ടി ഈ തുക വർദ്ധിപ്പിക്കാ നുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെത്തന്നെ വീടിന് കേടുപാടു സംഭവിച്ചവർക്ക് തുച്ഛമായ തുക കൊടുത്താൽപ്പോരാ ഗവണ്മെന്റിന് സാമ്പ ത്തിക പ്രയാസമുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷേ വീട് പൂർണ്ണമായും നഷ്ട പ്പെട്ടവർക്ക്, ഭാഗീകമായി കേടുപാട് സംഭവിച്ചവർക്ക് ആ വീട് റിപ്പയർ ചെയ്യാൻ ആവശ്യമായ സഹായം നൽകാനുള്ള സംവിധാനങ്ങളുണ്ടാക്കണം. മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഗവണ്മെന്റ് ഇപ്പോൾ സഹായം കൊടുത്തു കൊണ്ടിരിക്കുന്നുണ്ട്. ആ തുകയിൽ മാറ്റം വരുത്തണം. ഒരു ലക്ഷം രൂപ വീത മെങ്കിലും കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. കൃഷി നശിച്ചവർക്ക് പുതിയ കൃഷിയിറക്കാൻ, മുഴുവൻ തുകയും കൊടുക്കാനുള്ള സംവിധാനമു ണ്ടാകണം. അതിവർഷത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും ഫലമായി ദുരി തമനുഭവിക്കുന്ന ഈ ജനവിഭാഗങ്ങളെ സഹായിക്കാനുള്ള സംവിധാനങ്ങളു ണ്ടാകണം. അതുമാത്രം പോരാ, ഇതിനുവേണ്ടി ഗവണ്മെന്റ് ഈ മൂന്നു മാസ ത്തേയ്ക്കെങ്കിലും എല്ലാ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിലും പ്രത്യേക സംവിധാ നമേർപ്പെടുത്തണം. വീടുകൾ തകർന്നാൽ, മരണം സംഭവിച്ചാൽ, പരിക്കേ റ്റാൽ, കൃഷിനാശമുണ്ടായാൽ, വെള്ളപ്പൊക്കമുണ്ടായാൽ അതാത് അവസര ത്തിൽ ഇടപെടാൻ കഴിയണം. ഒരാഴ്ചയോ രണ്ടാഴ്ചയോ കഴിഞ്ഞുമാത്രം ഇട പെട്ടാൽപ്പോരാ. അതിവർഷത്തിന്റെ, വെള്ളപ്പൊക്കത്തിന്റെ ഫലമായി എവിടെ യെങ്കിലും ദുരിതമുണ്ടായിക്കഴിഞ്ഞാൽ താലൂക്ക്, ജില്ലാകേന്ദ്രത്തിൽ ഒരു സെൽ രൂപീകരിച്ച് അവിടെ വിവരം അറിയിക്കാനും അതിന്റെ അടിസ്ഥാന ത്തിൽ ഗവണ്മെന്റ് ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും പെട്ടെന്ന് ഇടപെട്ട് അവരെ ആശ്വസിപ്പിക്കാനും സമാധാനിപ്പിക്കാനും അവർക്കാവശ്യമായ സഹായം നൽകാനുമുള്ള സംവിധാനമുണ്ടാകണം. കേന്ദ്രഗവണ്മെന്റ് ഇതിനാ വശ്യമായ തുക നൽകുന്നില്ല. ഇതൊരു യാഥാർത്ഥ്യമാണ്, വെള്ളപ്പൊക്കദുരി തമുണ്ടായിക്കഴിഞ്ഞാൽ വർഷംതോറും തുക തരാമെന്ന് പറയുകയല്ലാതെ ആ തുക നമുക്ക് നൽകുന്നില്ല. കേരളത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാൻ കൂടുതൽ തുക കിട്ടാൻ ശക്തമായ സമ്മർദ്ദം കേന്ദ്ര ത്തിൽ ഈ ഗവണ്മെന്റ് ചെലുത്തണമെന്നും ഇതിനെല്ലാം വേഗം വേഗം പരി ഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കുറെ സഹായ ങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ അത് നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടിരിക്കുന്നുണ്ട്. വീണ്ടും വീണ്ടും അവരെ ആശ്വസിപ്പിക്കാൻ, അവർക്ക് സഹായം നൽകാൻ, ആ നഷ്ടത്തിൽ നിന്നെല്ലാം രക്ഷ കിട്ടാനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : നമ്മുടെ സംസ്ഥാ നത്ത് തെക്കു-പടിഞ്ഞാറൻ കാലവർഷത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ, അതിൽ ഗവണ്മെന്റ് എടുക്കേണ്ട നടപടികൾ എന്നിവയെ സംബന്ധിച്ചൊക്കെ ഇവിടെ വളരെ വിശദമായി ബഹുമാനപ്പെട്ട മെമ്പർ പരാമർശിച്ചു. അതിനനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് ഒരു വിശദമായ മറുപടി യഥാർത്ഥത്തിൽ ഇവിടെ പറയേണ്ടതുണ്ട്. ഞാൻ അത് പരമാവധി പരിമിതപ്പെടുത്തി ചുരുക്കിപ്പറയുകയാണ്.

ഈ കഴിഞ്ഞ മേയ് മാസം 25-ാം തീയതി മുതലാണ് ഇവിടെ തെക്ക്-പടിഞ്ഞാറൻ കാലവർഷം ആരംഭിച്ചത്. കാലവർഷം സാധാരണ ആരംഭിക്കുന്നതിനുമുമ്പുതന്നെ അതിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ഗവണ്മെന്റ് തീരുമാനിക്കാറുണ്ട്. അതുകൊണ്ടുതന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ കളക്ടർമാർക്കും മേയ് മാസം ആദ്യംതന്നെ ഗവണ്മെന്റ് നൽകുകയുണ്ടായി. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാൻ ഇടയുള്ള പ്രദേശങ്ങൾ കണ്ടെത്തുക, മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസപ്രവർത്തന സംവിധാനം സജ്ജീകരിക്കുക, ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളിലൊക്കെത്തന്നെ മുൻകൂട്ടി ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയതാണ്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടി വന്നാൽ ഉപയോഗിക്കാനുള്ള പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ ഇതെല്ലാം തന്നെ മുൻകൂട്ടി കണ്ടുവയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവയെല്ലാം ദുരിതാശ്വാസകേന്ദ്രങ്ങളായി ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. അതുപോലെ കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കാൻ, ദുരിതാശ്വാസകേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം എന്നിവ ലഭിക്കാനുള്ള നടപടികളെല്ലാം ഉണ്ടാകണമെന്ന് കാലവർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ ആവശ്യമായ നിർദ്ദേശം ഗവണ്മെന്റ് നൽകുക സാധാരണമാണ്. ഈ വർഷവും അത്തരം നിർദ്ദേശങ്ങൾ മുഴുവൻ നൽകിയിരുന്നു. ഈ വർഷം കാലവർഷംകൊണ്ടുണ്ടായ വസ്തുതകൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. 31 പേരാണ് ഇവിടെ വിവിധ ജില്ലകളിലായി മരിച്ചത്. അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. 1209 ഗ്രാമങ്ങളെയാണ് ഇത് മൊത്തം ബാധിച്ചത്. 49 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 712 വീടുകൾ പൂർണ്ണമായും 12,148 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പരിശോധിച്ചുവരുമ്പോൾ വീടുകളുടെ എണ്ണം ഇനിയും കൂടാനാണ് സാദ്ധ്യത. കുറയാൻ ഒരിക്കലും സാദ്ധ്യതയില്ല. ചില റിപ്പോർട്ടുകൾ ഒരു പക്ഷെ നമ്മുടെ ഡിപ്പാർട്ടുമെന്റിന് ലഭിച്ചിട്ടുണ്ടാവുകയില്ലെന്നാണ് ഞാൻ കരുതുന്നത്. അഞ്ച് ജില്ലകളിലാണ് ഈ കാലവർഷം കൂടുതൽ ശക്തി പ്രാപിച്ചിരുന്നത്. അത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലായിരുന്നു. 492 ദുരിതാശ്വാസ കേന്ദ്രങ്ങളാണ് മൊത്തം ഉണ്ടായിരുന്നത്. 16,461 കുടുംബങ്ങളെ ഈ ക്യാമ്പുകളിലായി മാറ്റി പാർപ്പിക്കേണ്ടി വന്നു. അവർക്ക് ആഹാരം, വസ്ത്രം, വൈദ്യസഹായം എന്നിവ മുടങ്ങാതെ നൽകാൻ ശ്രമിച്ചിട്ടുണ്ട്. 162 കേന്ദ്രങ്ങൾ ഇപ്പോഴും തുടർന്നുവരുന്നുണ്ട്. അതിലൊക്കെക്കൂടി 5655 കുടുംബങ്ങൾ ഇപ്പോഴും കഴിയുകയാണ്. ഈ പ്രദേശങ്ങളിൽ കാലവർഷം അൽപ്പം ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് ക്യാമ്പുകളുടെ എണ്ണം ഓരോന്നോരോന്ന് കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

കൃഷിനാശത്തിന്റെ ഭാഗീകമായ കണക്കാണ് കിട്ടിയത്. ഇത്തരമൊരു സ്ഥിതി തുടരുന്നു. വടക്കൻ ജില്ലകളിൽ കാലവർഷം ശക്തിപ്പെട്ട് വരുന്നുവെന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭായോഗം തന്നെ ഗൗരവമായി ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടണമെന്ന് ഗവണ്മെന്റ് തീരുമാനിച്ചതിനെത്തുടർന്ന് ഇന്നലെ മുഖ്യമന്ത്രിയുടെ കൂടി സാന്നിദ്ധ്യത്തിൽ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും വിശദമായി ഈ പ്രശ്നങ്ങൾ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയും ചെയ്തു. അങ്ങനെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട നടപടികളെ സംബന്ധിച്ച് ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആശങ്കയ്ക്കൊന്നും വകയില്ല. ആക്ഷേപമില്ലാത്ത രീതിയിൽ ജനപ്രതിനിധികൾ,പൊതുപ്രവർത്തകർ, വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, റവന്യൂ സംവിധാനമൊട്ടാകെയും ചേർന്നുകൊണ്ട് ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് മുൻകൂട്ടിത്തന്നെ നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അത് നടന്നുകൊണ്ടിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിന് ഇരയായി മരിച്ചാൽ 15,000 രൂപ വച്ചാണ് മുൻപ് കൊടുക്കാൻ തീരുമാനിച്ചിരുന്നത്. അത് 12.12.'97 മുതൽ പുതുക്കി നിശ്ചയിച്ച് 25,000 രൂപയായിട്ടാണ് ഈ ഗവണ്മെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മന്ത്രിസഭായോഗത്തിൽ ഈ 25,000 രൂപ അപര്യാപ്തമാണ്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ച് കൊടുക്കണമെന്ന അഭിപ്രായം വന്നു. അങ്ങനെ മരിച്ചവരുടെ കുടുംബത്തെ ആശ്വസിപ്പിക്കാനും അവരെ സഹായിക്കാനുമായി 30,000 രൂപ വച്ച് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികളാണ് മരിക്കുന്നതെങ്കിൽ ഇപ്പോൾ 10,000 രൂപ വച്ചാണ് കൊടുക്കുന്നത്. ഇത്തരം സംഭവങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ 24 മണിക്കൂർകൊണ്ട് ഈ സംഖ്യ നൽകി ആശ്വസിപ്പിക്കണമെന്ന നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഇന്നലെ കളക്ടർമാരുടെ യോഗത്തിൽ പരിശോധിച്ചപ്പോൾ അങ്ങനെ കൊടുക്കാൻ ബാക്കി ഏതെങ്കിലും ജില്ലയിലുണ്ടെന്നുള്ള റിപ്പോർട്ട് അവിടെ വന്നില്ല. ആർക്കും ആക്ഷേപമില്ലാത്ത രീതിയിൽ അത് വളരെപ്പെട്ടെന്ന് കൊടുത്തു തീർക്കാനുള്ള ശ്രമം ഈ ദിവസങ്ങളിലെല്ലാം നടത്തിയിട്ടുണ്ട്. കഴിഞ്ഞ കൊല്ലവും ചെയ്തിട്ടുണ്ട്. ഇക്കൊല്ലവും അത് ചെയ്തുവരികയാണ്. അതുപോലെ പരിക്കേറ്റവർക്ക് ചികിത്സിക്കാൻ ആവശ്യമായ സാമ്പത്തിക സഹായവും യാതൊരു വീഴ്ചയും കൂടാതെ ഗവണ്മെന്റ് നിർവഹിക്കുന്നുണ്ട്. അതുപോലെത്തന്നെ സ്ഥലവും വീടും നഷ്ടപ്പെട്ടവരുണ്ട്. അത്തരം ആളുകൾക്ക് നാല് സെന്റ് ഭൂമി വീതം നൽകാനും, കൃഷി ഭൂമിയാണ് നഷ്ടപ്പെട്ടതെങ്കിൽ സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ അവർക്ക് പരമാവധി ഒരേക്കർ നൽകാനും വ്യവസ്ഥയുണ്ട്. അത് കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. ഈ വർഷം അത്തരമൊരു അവസ്ഥ ഉണ്ടായിട്ടില്ല. കൃഷിനാശം ധാരാളം ഉണ്ടായിട്ടുണ്ട്. ഭാഗീകമായിട്ടുള്ള റിപ്പോർട്ടാണ് ബഹുമാനപ്പെട്ട കണാരൻ ഇവിടെ പറഞ്ഞത്. ആറു കോടി എന്ന സംഖ്യയാണ് ഇവിടെ പറഞ്ഞത്. അതിനേക്കാൾ കൂടുതലാണ്. ഇന്നലെ കളക്ടർമാരുമായിട്ടുള്ള ചർച്ചയിൽ 20 കോടി രൂപയുടെ നാശനഷ്ടം വിവിധയിനം കൃഷിമേഖലകളിലുണ്ടാകുമെന്നാണ് റിപ്പോർട്ട്. കൃഷിവകുപ്പ് വിശദമായി അതിന്റെ പരിശോധനകൾ നടത്തുന്നുണ്ട്. കാലവർഷമുണ്ടായാൽ അന്നുതന്നെ കൃഷിനാശനഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുന്ന അവസ്ഥയല്ലാത്തതുകൊണ്ട് വെള്ളം ഇറങ്ങി, എത്രത്തോളം നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമായാലേ വ്യക്തമായ കണക്ക് നമുക്ക് കിട്ടുകയുള്ളൂവെന്നതുകൊണ്ട് ആ കണക്ക് കിട്ടിയാൽ അടിയന്തിരമായി കൃഷിനാശത്തിനും ആവശ്യമായ സാമ്പത്തിക സഹായം ചെയ്യണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. കഴിയുന്നതുംവേഗം അത് പൂർത്തിയാക്കി ഞങ്ങൾ വാങ്ങാൻ ശ്രമിക്കുകയാണ്.

അതുപോലെത്തന്നെ ഒരു കുടുംബത്തിലെ മുഴുവൻ സാധനങ്ങളും നഷ്ടപ്പെട്ടുപോയാൽ അവർക്ക് സാമ്പത്തികസഹായം ചെയ്യുന്നതിന് തൊഴിലുപകരണങ്ങൾ-വള്ളം, വല, കട്ടമരം തുടങ്ങിയ മൽസ്യബന്ധന ഉപാധികൾ നഷ്ടപ്പെടുകയോ മറ്റു തൊഴിലുപകരണങ്ങൾ നഷ്ടപ്പെടുകയോ, വസ്ത്രങ്ങളും പുസ്തകങ്ങളും വീട്ടുപകരണങ്ങളും നഷ്ടപ്പെടുകയോ ചെയ്താൽ അതിനും പരിമിതമായ സാമ്പത്തികസഹായം ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. അതും കൃത്യമായി ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ വീട് പൂർണ്ണമായി തകർന്നവർക്കും, ഭാഗീകമായി നഷ്ടപ്പെട്ടവർക്കും കൊടുക്കുന്ന നഷ്ട പരിഹാരത്തെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. വീട് പൂർണ്ണമായി തകർന്നാൽ 12,000 രൂപയാണ് നിലവിൽ കൊടുത്തിരുന്നത്. അതിൽ വർദ്ധനവ് വരുത്തി 15,000 രൂപ ഇപ്പോൾ റവന്യൂവകുപ്പ് കൊടുക്കുന്നു. അതോടൊപ്പംതന്നെ ഹൗസിംഗ് ബോർഡുമായി ചേർന്ന്, ഹൗസിംഗ് ബോർഡിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുമായി ആലോചിച്ച് സംയുക്തമായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 29,000 രൂപയുടെ വീട് സൗജന്യമായി നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സ്കീമും ഇപ്പോൾ നടപ്പിലാക്കിവരികയാണ്. അതുകൊണ്ട് ഞങ്ങൾ കൊടുക്കുന്നത് 15,000 രൂപയാണ്. 12,500 രൂപയല്ല. 12,500 രൂപ ഹൗസിംഗ് ബോർഡിൽ കെട്ടിവയ്ക്കുകയും ബാക്കി സംഖ്യ ഈ വീട് നഷ്ടപ്പെട്ടവർക്ക് കൊടുക്കുകയും ചെയ്യുന്നതാണ് ഇപ്പോൾ നമ്മൾ തുടർന്നുവരുന്ന നടപടി. 12,500 രൂപ ഹൗസിംഗ് ബോർഡിൽ കെട്ടിവയ്ക്കും. ബാക്കി വരുന്ന തുക കക്ഷിക്ക് കൊടുക്കും. ഹൗസിംഗ് ബോർഡാണ് ആ വീടിന്റെ പൂർണ്ണ ചുമതല നിർവ്വഹിച്ച് നടപ്പിലാക്കിവരുന്നത്. ഭാഗീകമായി നഷ്ടം സംഭവിച്ച വീടുകൾക്ക് പരമാവധി 5000 രൂപ കൊടുക്കാനാണ് നിലവിലുള്ള വ്യവസ്ഥ. അത് വളരെ പരിമിതമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കാലോചിതമായി അത് പരിഷ്കരിക്കണമെന്ന് ഞങ്ങൾ ഗൗരവമായി ആലോചിക്കുന്നുണ്ട്. ഭാഗീകമായിട്ടേ നാശം സംഭവിച്ചിട്ടുള്ളൂവെങ്കിലും ആ വീടുകൾ താമസിക്കാൻ പറ്റാത്ത തരത്തിലായി തീർന്നതാകും പലതും. എന്നാൽ പരമാവധി 5000 രൂപയേ കൊടുക്കാൻ കഴിയൂവെന്ന അവസ്ഥയുണ്ട്. അതിൽ വർദ്ധനവ് ഉണ്ടാകണമെന്ന അഭിപ്രായം വന്നിട്ടുണ്ട്. ഞങ്ങൾ അത് പരിശോധിച്ച് കഴിയുന്നതുംവേഗം ആ കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

തൊഴിലെടുക്കാൻ കഴിയാത്ത അവസ്ഥയും വീടുകളിൽ വെള്ളം കയറിയതുകൊണ്ട് മാറ്റി പാർപ്പിക്കേണ്ടി വരികയും ചെയ്തിട്ടുള്ള ദുർബ്ബല ജനവിഭാഗങ്ങൾ, കർഷകത്തൊഴിലാളികൾ തുടങ്ങിയ വിവിധ ഗുണഭോക്താക്കൾക്കായി വിവിധ കേന്ദ്രങ്ങളിൽ നിന്നും സൗജന്യറേഷൻ നല്കണമെന്ന ആവശ്യം ഉയർന്നു വരുന്നുണ്ട്. ആ ആവശ്യവും ഗൗരവമായി ചർച്ച ചെയ്യുന്നുണ്ട്. ഇന്നലെ കളക്ടർമാരുടെ യോഗം വിളിച്ചിരുന്നു. ഈ ജനവിഭാഗങ്ങളേയും സഹായിക്കേണ്ടതാണ് എന്ന നിലയിൽ ക്യാബിനറ്റിലും അത്തരമൊരു അഭിപ്രായം ഉയർന്നു വന്നു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടിയ കളക്ടർമാരുടെ യോഗത്തിലും ചർച്ച ചെയ്തിരുന്നു. ആലപ്പുഴ. ജില്ലയിൽ വളരെ വിപുലമായ രീതിയിൽ വെള്ളം കയറിയതിനാൽ സാധാരണക്കാരന് പണിയെടുക്കാൻ കഴിയാത്ത അവസ്ഥ വരികയും ചെയ്തതുകൊണ്ട് ആലപ്പുഴയിലെ കാലവർഷക്കെടുതിക്ക് ഇരയായിട്ടുള്ളവരും ദുരിതം അനുഭവിക്കുന്നവരുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഒരാഴ്ചത്തെ സൗജന്യ റേഷൻ കൊടുക്കണമെന്നാണ് ധാരണയുണ്ടായിട്ടുള്ളത്. ആ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടുകൂടി സഭയിൽ പറയുകയാണ്. കോട്ടയം ജില്ലയിലെ ചില മേഖലകളേയും ഐഡന്റിഫൈ ചെയ്യാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാലവർഷക്കെടുതിക്ക് ഇരയായിട്ടുള്ളവർക്കും പണിക്ക് പോകാൻ കഴിയാതെ പ്രയാസമനുഭവിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും ഒരാഴ്ചത്തെ സൗജന്യ റേഷൻ കൊടുക്കണമെന്ന് തീരുമാനമെടുക്കാൻ പോകുകയാണ്. പത്തനംതിട്ട ജില്ലയിലെ ആദിവാസി കേന്ദ്രങ്ങളിലും ചില ഹരിജൻ സെറ്റിൽമെന്റ് കോളനികളിലും ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളിലുള്ളവർക്കും സൗജന്യ റേഷൻ കൊടുക്കണമെന്ന് തീരുമാനമുണ്ട്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഈ മൂന്ന് ജില്ലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. അഞ്ചു ജില്ലകളിൽ കാലവർഷക്കെടുതി ഉണ്ടായിട്ടുണ്ട്. അതിൽ കൊല്ലവും തിരുവന

LIBRARY ARCHIVES Kerala Legislative Assembly

ന്തപുരവും ജില്ലകളെ സംബന്ധിച്ച് ഞങ്ങൾ തീരുമാനമെടുത്തിട്ടില്ല. ഇനി തുടർച്ചയായി കാലവർഷം വരാൻ പോകുകയാണ്. വടക്കൻ ജില്ലകളിൽ ഇപ്പോഴാണ് കാലവർഷം ആരംഭിച്ചിട്ടുള്ളത്. ഏതു സാഹചര്യവും നേരിടാൻ തക്ക വിധത്തിൽ ജനപ്രതിനിധികളേയും പൊതുപ്രവർത്തകരേയും ബന്ധപ്പെടുത്തി ദുരിതാശ്വാസപ്രവർത്തനങ്ങൾ നിർവഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭ കൂടുന്നതുകൊണ്ട് അടുത്ത ശനി, ഞായർ ദിവസങ്ങളിൽ എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെ യോഗം വിളിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ അവിടവിടെ നിർവ്വഹിക്കേണ്ട കാര്യങ്ങൾ നിർവഹിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സാമ്പത്തിക തടസ്സം ദുരിതാശ്വാസ പ്രവർത്തനങ്ങളെ ബാധിക്കരുതെന്നുള്ള രീതിയിലാണ് ആവശ്യമായ ഫണ്ട് സമയാസമയങ്ങളിൽ അനുവദിക്കുമെന്ന് കളക്ടർമാരെ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഒരു ആശങ്കയ്ക്കും ഇടയില്ലാത്തവിധം ജനങ്ങൾക്ക് വന്നിട്ടുള്ള ദുരിതങ്ങളിലും പ്രയാസങ്ങളിലും ഗവണ്മെന്റ് പങ്കു ചേരുന്നുണ്ട്.

ഡോ.കെ.സി. ജോസഫ് : കാലവർഷക്കെടുതിയിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കു നൽകുന്ന സംഖ്യ അമ്പതിനായിരമാക്കണം.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇന്നലെവരെ കൊടുത്തത് ഇരുപത്തയ്യായിരം രൂപയാണ്. ഇന്ന് ആ തുക മുപ്പതിനായിരമാക്കി.

ശ്രീ. എ. കണാരൻ : ഇരുപത്തയ്യായിരം രൂപ എന്നു പറയുന്നത് ഒരു പിശുക്കൻ നയമായിപ്പോയി. ആ തുക അമ്പതിനായിരം രൂപയായി വർദ്ധിപ്പിക്കണം. തിരുവനന്തപുരം ജില്ലയിലും ആദിവാസി കുടിലുകളിൽ കഴിയുന്നവരുണ്ട്. വെള്ളം കയറിയിട്ട് അവർക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അവർക്കുകൂടി സൗജന്യ റേഷൻ അനുവദിക്കേണ്ടതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം പതിനയ്യായിരം രൂപയായിരുന്നതു മാറ്റി ഇരുപത്തയ്യായിരമാക്കി. അത് ഈ ആഴ്ച മുതൽ മുപ്പതിനായിരം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സൗജന്യ റേഷന്റെ കാര്യം തീരപ്രദേശങ്ങളിൽനിന്നും കയർ മേഖലകളിൽ നിന്നും ഒക്കെ ഉയർന്നു വന്നിട്ടുണ്ട്. പക്ഷെ കാലവർക്കെടുതിയുടെ ഭാഗമായി കൊടുക്കുമ്പോൾ അതിന്റെ പരിധിയിൽ നിന്നുകൊണ്ടേ ഈ പ്രശ്നത്തെ സമീപിക്കാൻ സാധിക്കൂ. അതുകൊണ്ടാണ് ആ അടിസ്ഥാനത്തിൽ ഞങ്ങൾ പ്രവർത്തിച്ചത്. ബന്ധപ്പെട്ട കളക്ടറുമായും ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്തു. ഇപ്പോൾ അതിവർഷമുണ്ടായി എന്നു പറയപ്പെടുന്ന കൊല്ലം, തിരുവനന്തപുരം മേഖലകളിൽ സൗജന്യ റേഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഈ ജില്ലകളിലും സൗജന്യ റേഷൻ കൊടുക്കേണ്ടതുണ്ടോ എന്ന് കളക്ടർമാരുമായും മറ്റ് ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്തശേഷം ആവശ്യമെങ്കിൽ തീർച്ചയായും സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

VI. സബ്മിഷൻ

(1) തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവ്വീസുകൾ റദ്ദ് ചെയ്തതു സംബന്ധിച്ച്

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രാധാന്യം കുറയ്ക്കാനും രാജ്യാന്തര പദവി ഇല്ലാതാക്കാനും നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമായി എയർ ഇൻഡ്യ തിരുവനന്തപുരത്തു നിന്നുള്ള വിമാന സർവ്വീസുകൾ ഒന്നൊന്നായി മാറ്റിക്കൊണ്ടു പോകുകയാണ്. ആഴ്ചയിൽ 26 സർവ്വീസുകൾ നടത്തിയിരുന്ന എയർ ഇൻഡ്യ 19 എണ്ണം വെട്ടിക്കുറച്ചിരിക്കുകയാണ്. അത് അങ്ങേക്കും അറിയാവുന്നതാണ്. ഇപ്പോൾ ഏഴ്

LIBRARY ARCHIVES Kerala Legislative Assembly